LIBRARY ARCHIVES Kerala Legislative Assembly

കോവിഡ്-19 പശ്ചാത്തലത്തിൽ സ്റ്റേഡിയങ്ങളുൾപ്പെടെയുള്ള പൊതു സ്ഥലങ്ങളിലെ കായിക പരിശീലനം നിരോധിച്ചിരുന്നു. കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിലെ പരിശീലകരുടെ നേതൃത്വത്തിൽ സ്പോർട്സ് അക്കാഡമികളിലെ കായികതാരങ്ങൾക്ക് അവരുടെ കായികക്ഷമത നിലനിർത്തുന്നതിലേയ്ക്കായി ലോക്ക് ഡൗൺ സമയത്തും വീട്ടിലുരുന്നതന്നെ ചെയ്യാൻ കഴിയുന്ന ഓൺലൈൻ ട്രെയിനിംഗ് നടപ്പിലാക്കിയിരുന്നു. കൂടാതെ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ അധീനതയിലുള്ള ജില്ലാ സ്പോർട്സ് അക്കാഡമികൾ, സ്കൂൾ, കോളേജ്, സ്പോർട്സ് അക്കാഡമികൾ എന്നിവിടങ്ങളിലെ കായിക താരങ്ങൾക്ക് ശാരിരീകക്ഷമത ഉറപ്പാക്കുന്നതിലേയ്ക്കായി പോഷകാഹാര കിറ്റ് വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) കോവിഡ് പ്രോട്ടോക്കോൾ പാലിച്ചുകൊണ്ട് പരിശീലനം പുനരാരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

കോവിഡ്-19 ടെസ്റ്റ് പോസ്റ്റിവിറ്റി റേറ്റിന്റെ അടിസ്ഥാനത്തിൽ തരംതിരിച്ചിട്ടുള്ള എ.ബി. കാറ്റഗറിയിലുള്ള തദ്ദേശഭരണ സ്ഥാപനങ്ങളിൽ കോവിഡ് പ്രോട്ടോക്കോൾ പാലിച്ചുകൊണ്ട് പരിശീലനങ്ങൾ പുനരാരംഭിക്കുവാൻ അനുമതി നൽകിയിട്ടുണ്ട്.

വൈപ്പിൻ മണ്ഡലത്തിൽ ജല കായിക പദ്ധതികൾ

317(1302) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വൈപ്പിൻ നിയോജക മണ്ഡലത്തിൽ കയാക്കിംഗ്, യാച്ചിംഗ് ഉൾപ്പെടെയുള്ള കായിക വിഭാഗങ്ങളുടെ സാധ്യതകൾ കണക്കിലെടുത്ത് ഇവയുടെ വളർച്ചയ്ക്കാവശ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ നടപടികൾ സ്വീകരിക്കുമോ?

വിശദമായ പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് തുടർ നടപടികൾ കൈക്കൊള്ളുന്നതാണ്.

കായംകുളം കായലോര ടൂറിസം കേന്ദ്രത്തിൽ ഓപ്പൺ ജിംനേഷ്യം

318(1303) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യത്തിന് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആലപ്പുഴ മെഗാ ടൂറിസം പദ്ധതിയുടെ ഭാഗമായി കായംകുളം കായലോരത്ത് പൂർത്തീകരിച്ച കായലോര ടൂറിസം കേന്ദ്രത്തിൽ പൊതുജനങ്ങൾക്കായി ഒരു ഓപ്പൺ ജിംനേഷ്യം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

വിവരം ശേഖരിച്ചുവരുന്നു.